# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*95 10.08.2017 ൽ മറുപടിക്ക്

### റോഡിന്റെ ഇരുവശങ്ങളിലും തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എം.ഷാജി<br>ഡോ.എം. കെ. മുനീർ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് റോഡിന്റെ ഇരുവശങ്ങളിലും തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് റോഡിന്റെ ഇരുവശങ്ങളിലും തണൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ കോട്ടയം ഡിവിഷന്റെ കീഴിലുള്ള എം സി റോഡിൽ കി മീ 149/000 മുതൽ 151/000 വരെയുള്ള ഭാഗത്ത് സോഷ്യൽ ഫോറസ്ട്രി 56 മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ഡിവിഷനു കീഴിൽ വരുന്ന വെള്ളൂർ - പാടിയോട്ടുംചാൽ - പുളിങ്ങോം എന്ന റോഡിൽ 2017 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ 500 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.<br><br>കെ ആർ എഫ് ബി ,കെ എസ് റ്റി പി റോഡുകളിൽ ബന്ധപ്പെട്ട കൺസഷണർമാർ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ വച്ചുപിടിപ്പിക്കുന്ന തണൽ മരങ്ങൾ അതിജീവിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | ബി) ഇത്തരത്തിൽ വച്ചു പിടിപ്പിക്കുന്ന മരങ്ങളുടെ പരിപാലനം സോഷ്യൽ ഫോറസ്ട്രി വകുപ്പാണ് നടപ്പിലാക്കി വരുന്നത്. |

| | | |
|---|---|---|
| | കണ്ടെത്തൽ വിശദമാക്കാമോ; | കെ ആർ എഫ് ബി ,കെ എസ് റ്റി പി റോഡുകളിൽ കരാറുകാർ തന്നെയാണ് മരങ്ങളുടെ പരിപാലനം നടത്തുന്നത്. |
| സി) | അടിയന്തിര സാഹചര്യത്തിലല്ലാതെ സി) തണൽ മരങ്ങൾ മുറിച്ച് മാറ്റുന്നത് തടയുന്നതിന് കർശന നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | അടിയന്തിര സാഹചര്യത്തിലല്ലാതെ റോഡ് വിപുലീകരണത്തിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി വനം വകുപ്പിന്റെ (സോഷ്യൽ ഫോറസ്റ്റി) അനുവാദത്തോടും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് മരങ്ങൾ മുറിച്ചുമാറ്റുന്നത്. |

സെക്ഷൻ ഓഫീസർ